**പതിമൂന്നാം കേരള നിയമസഭ**
**എട്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നംപർ. 1204

21.03.2013ൽ മറുപടിക്ക്

# നെൽവയലുകളും തണ്ണീർത്തടങ്ങളും മണ്ണിട്ടു നികത്തൽ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ബാബു.എം.പാലിശ്ശേരി : | ശ്രീ.അടൂർ പ്രകാശ് (റവന്യൂവും കയറും വകുപ്പു മന്ത്രി) |
| (എ) റവന്യു വകുപ്പിന്റെ അനുമതി ഇല്ലാതെ നെൽവയലുകളും തണ്ണീർത്തടങ്ങളും മണ്ണിട്ടു നികത്തിയെടുത്തവർക്ക് പരമാവധി നൽകാവുന്ന ശിക്ഷ എന്താണ് ; വ്യക്തമാക്കുമോ ; | (എ) കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം സെക്ഷൻ 23 പ്രകാരം അനധികൃതമായി നെൽവയൽ / തണ്ണീർത്തടം പരിവർത്തനപ്പെടുത്തുകയോ രൂപാന്തരപ്പെടുത്തുകയോ ചെയ്യുന്നവർക്ക് പരമാവധി നൽകാവുന്നത് ആറുമാസത്തിൽ കുറയാൻ പാടില്ലാത്തതും എന്നാൽ രണ്ട് വർഷം വരെ ആകാവുന്നതുമായ തടവും അമ്പതിനായിരം രൂപയിൽ കുറയാൻ പാടില്ലാത്തതും എന്നാൽ 1 ലക്ഷം രൂപ വരെ ആകാവുന്നതുമായ പിഴയുമാണ്. |
| (ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തൃശ്ശൂർ ജില്ലയിൽ അനുമതിയില്ലാതെ നെൽവയൽ മണ്ണിട്ടു നികത്തുന്നതുമായി ബന്ധപ്പെട്ട് ജില്ലാ കളക്ടർക്ക് എത്ര പരാതി ലഭിച്ചിട്ടുണ്ട് ; താലൂക്ക് - വില്ലേജ് അടിസ്ഥാനത്തിൽ വിശദാംശം വ്യക്തമാക്കുമോ ; | **(ബി)** ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നെൽ വയൽ നികത്തലുമായി ബന്ധപ്പെട്ട് ജില്ലാ കളക്ടർക്ക് 383 പരാതികൾ ലഭിച്ചിട്ടുണ്ട്. താലൂക്ക് - വില്ലേജ് അടിസ്ഥാനത്തിലുള്ള വിശദാംശങ്ങൾ തയ്യാറാക്കി വരുന്നു. |
| (സി) പരാതി പരിശോധിച്ച് എത്ര പേർക്കെതിരെ ശിക്ഷാ നടപടി സ്വീകരിച്ചിട്ടുണ്ട് ; അവരുടെ പേര് വിവരം അടക്കമുള്ള വിശദാംശം വ്യക്തമാക്കുമോ ? | (സി) കേരള നെൽ വയൽ / തണ്ണീർത്തട സംരക്ഷണ നിയമം സെക്ഷൻ 25 പ്രകാരം കുറ്റങ്ങൾ വിചാരണയ്ക്ക് എടുക്കേണ്ടുന്നത് ബഹു.ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതിയാണ്. ബഹു.കോടതി ശിക്ഷാ നടപടി സ്വീകരിച്ച് ഉത്തരവുകളൊന്നും ആയിട്ടില്ല. |

സെക്ഷൻ ഓഫീസർ